I ഇ.ബി. XIV - കേരള നിയമസഭ /V-9

# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 മേയ് 09, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയനോട്ടീസ്

മി. സ്പീക്കർ : കിഫ്ബിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ ഭാഗത്തുനിന്നുണ്ടായതായി പറയപ്പെടുന്ന പരാമർശത്തെത്തുടർന്ന് മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ടുവെന്നും ടി വിഷയം റൂൾ 50 പ്രകാരം ചർച്ച ചെയ്യണമെന്നുമാവശ്യപ്പെട്ട് നോട്ടീസ് ലഭിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതോ

അടിയന്തരപ്രാധാന്യമുള്ളതോ ആയി ചെയർ കരുതുന്നില്ല. കിഫ്ബിയുമായി ബന്ധപ്പെട്ട് വിശദമായ ചർച്ചയും നിയമനിർമ്മാണവും നടത്തുകയും ഇതുസംബന്ധിച്ച് അവ്യക്തതയുണ്ടായ സന്ദർഭങ്ങളിലെല്ലാം വിശദമായ ചർച്ചയ്ക്ക് അവസരം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ അടിയന്തരപ്രമേയാവതരണത്തിന് അനുമതി നൽകാൻ നിർവ്വാഹമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : മാധ്യമങ്ങളിൽ വരുന്ന വാർത്തകളും പൊതുസമൂഹത്തിൽ ഉയർന്നുവരുന്ന പ്രശ്നങ്ങളും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടത് പ്രതിപക്ഷത്തിന്റെ ചുമതലയും ഉത്തരവാദിത്വവുമാണ്. കിഫ്ബിയെ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പുമന്ത്രി നടത്തിയ പരാമർശങ്ങളും മറ്റ് മന്ത്രിമാർ നടത്തുന്ന വ്യത്യസ്തമായ പരാമർശങ്ങളും കൂട്ടുത്തരവാദിത്വത്തിന്റെയും പാർലമെന്ററി ജനാധിപത്യത്തിലെ അടിസ്ഥാന ഘടകങ്ങളുടെയും ലംഘനമാണ്. സർക്കാരിന്റെ കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ടുവെന്നുള്ളതാണ് ഇവിടത്തെ പ്രധാന പ്രശ്നം. ഈ വിഷയം നിയമസഭയിൽ ഉന്നയിക്കുക എന്നത് പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വമാണ്. ഇതുസംബന്ധിച്ച നിലപാട് പുന:പ്പരിശോധിക്കാൻ സ്പീക്കർ തയ്യാറാകണം. പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കാൻ ഉത്തരവാദിത്വമുള്ള ചെയർ നിഷ്പക്ഷമായി പ്രവർത്തിക്കണം.

മി. സ്പീക്കർ : പ്രസക്തമല്ലാത്ത കാര്യങ്ങൾ ചട്ടപ്രകാരമല്ലാതെ

അനുവദിക്കുന്നതിന് ചെയറിന് ബുദ്ധിമുട്ടുണ്ട്. ചട്ടങ്ങളുടെയും കീഴ്വഴക്കങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമേ നിലപാട് സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ഇത് അടിയന്തരപ്രമേയമായി ചർച്ച ചെയ്യേണ്ട വിഷയമായി ചെയർ കരുതുന്നില്ല.

( അടിയന്തരപ്രമേയ നോട്ടീസ് പരിഗണനയ്ക്കെടുക്കാത്തതിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ സ്പീക്കറുടെ ഡയസിന് ചുറ്റും നിന്ന് മുദ്രാവാക്യം മുഴക്കിക്കൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## II ശ്രദ്ധക്ഷണിക്കൽ

(1) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ശ്രീ. ആർ. രാജേഷ് : സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് കഴിഞ്ഞ ആറ് മാസമായി വേതനം ലഭിക്കാത്ത സ്ഥിതിയാണുള്ളത്. സംസ്ഥാന ഗവൺമെന്റ് നിരവധി തവണ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിയെങ്കിലും ആവശ്യം അംഗീകരിക്കാതെ കേരളത്തിന്റെ ഗ്രാമീണ മേഖലയെ സാമ്പത്തികമായി തകർക്കാനുള്ള ശ്രമമാണ് കേന്ദ്ര സർക്കാർ നടത്തുന്നത്. നിലവിൽ കുടിശ്ശികയിനത്തിൽ നൽകാനുള്ള 676 കോടി രൂപ അനുവദിക്കുന്നതിന് അടിയന്തര ഇടപെടൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം.

(അടിയന്തരപ്രമേയ നോട്ടീസിലെ വിഷയം ആദ്യ സബ്മിഷനായി

അനുവദിക്കാമെന്ന സ്പീക്കറുടെ നിർദ്ദേശം അംഗീകരിച്ചതിനെത്തുടർന്ന് യു.ഡി.എഫ്. അംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് തിരികെപ്പോയി.)

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) : മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമമനുസരിച്ച് അവിദഗ്ദ്ധ തൊഴിലാളികളുടെ വേതനവും പദ്ധതിച്ചെലവും വിദഗ്ദ്ധ തൊഴിലാളികളുടെയും അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെയും വേതനത്തിന്റെ 75 ശതമാനം കേന്ദ്ര സർക്കാരും 25 ശതമാനം സംസ്ഥാന സർക്കാരുമാണ് വഹിക്കേണ്ടത്. പദ്ധതിയുടെ ആദ്യവർഷങ്ങളിൽ തൊഴിലാളികളുടെ അക്കൗണ്ടുകളിലേയ്ക്ക് പഞ്ചായത്തുകളിൽനിന്നും ചെക്ക് മുഖേനയാണ് പണം നൽകിയിരുന്നത്. 2013-14 സാമ്പത്തിക വർഷം മുതൽ ഈ നടപടി നാഷണൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റംവഴി ആരംഭിക്കുകയാണ് ചെയ്തത്. 2016-17 സാമ്പത്തിക വർഷം മുതൽ ഫണ്ട് ലഭ്യമാകുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. തൊഴിലാളികളുടെ വേതന കുടിശ്ശിക നൽകുന്നതിന് അടിയന്തരമായി ഫണ്ട് അനുവദിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര ഗ്രാമവികസന വകുപ്പുമന്ത്രിക്ക് കത്തയയ്ക്കുകയും നേരിൽക്കണ്ട് നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. 2017-18-ലെ അവിദഗ്ദ്ധ കായിക കൂലിയിനത്തിൽ ആദ്യഗഡു അനുവദിച്ചത് 2016-17 വർഷത്തെ കുടിശ്ശികത്തുകയുടെ ചെറിയൊരു ഭാഗം

നൽകുന്നതിന് ഉപകരിച്ചിട്ടുണ്ട്. 2016-17-ലെ കുടിശ്ശികയിനത്തിൽ ലഭിക്കേണ്ട 636 കോടി രൂപ കാലതാമസം കൂടാതെ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര ഗ്രാമവികസന വകുപ്പുമന്ത്രിക്കും ഉദ്യോഗസ്ഥതലത്തിലും വീണ്ടും കത്തയച്ചെങ്കിലും നാളിതുവരെ ഫണ്ട് ലഭ്യമായിട്ടില്ല. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറഞ്ഞ ഫണ്ടാണ് കേന്ദ്രം കേരളത്തിന് അനുവദിക്കുന്നത്. പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി ഈ വിഷയത്തിൽ അനുകൂല നടപടിയുണ്ടാകുന്നതിനാവശ്യമായ ഇടപെടൽ നടത്താമെന്ന് മുഖ്യമന്ത്രി അറിയിച്ചിട്ടുണ്ട്.

## (2) അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

ശ്രീ. വി. പി. സജീന്ദ്രൻ: പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി മുൻ സർക്കാർ തുടങ്ങിവച്ചതും ഈ സർക്കാർ തുടരുന്നതുമായ പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ വലിയ കാലതാമസം നേരിടുകയാണ്. കോളനി നവീകരണപദ്ധതി നടത്തിപ്പിനായി ചുമതലപ്പെടുത്തിയ സർക്കാർ ഏജൻസികൾക്ക് വർഷങ്ങളായിട്ടും പണി പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ തീർക്കുന്നതിന് തയ്യാറാകാത്ത ഏജൻസികളെ കരിമ്പട്ടികയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും

സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പട്ടികജാതി-പട്ടികവർഗ്ഗ വികസന പദ്ധതികൾക്ക് അനുമതി ലഭിച്ച് വർഷങ്ങളായിട്ടും പദ്ധതി നിർവ്വഹണത്തിന് ചുമതലപ്പെടുത്തിയ സർക്കാർ ഏജൻസികൾക്ക് പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. അംഗീകരിച്ച കർമ്മപരിപാടികൾ അടിക്കടി ഭേദഗതി ചെയ്യുന്നതിന് ഗുണഭോക്തൃ സമിതികൾ സമ്മർദ്ദം ചെലുത്തിയതും പൊതുകെട്ടിടങ്ങൾ, കുടിവെള്ള പദ്ധതികൾ എന്നിവ നിർമ്മിക്കുന്നതിന് സ്ഥലം ലഭിക്കാത്തതും ഏജൻസികൾക്ക് സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ജീവനക്കാരില്ലാത്തതും പ്രവൃത്തി ഏറ്റെടുക്കുന്നതിൽ മുൻപരിചയമില്ലാത്തതും പദ്ധതി നിർവ്വഹണത്തിന് തടസ്സം സൃഷ്ടിച്ച ഘടകങ്ങളാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പദ്ധതി സംബന്ധിച്ച് വിലയിരുത്തുകയും ആരംഭിച്ച പ്രവൃത്തികൾ ജൂൺ മാസത്തിനുള്ളിൽ പൂർത്തീകരിക്കാനും അല്ലാത്തവ ഒഴിവാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സർക്കാർ പുതുതായി ആരംഭിച്ച അംബേദ്കർ ഗ്രാമവികസന പരിപാടിയിൽ ഉൾപ്പെട്ട സങ്കേതങ്ങൾക്കുള്ള ഒന്നാം ഗഡു അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് തെരഞ്ഞെടുത്ത സങ്കേതങ്ങളിൽ വിശദമായ കർമ്മപരിപാടി തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിന് ജില്ലാ ഭരണകൂടത്തിന്റെ നിയന്ത്രണത്തിലുള്ള

ജില്ലാ നിർമ്മിതി കേന്ദ്രങ്ങളെ പ്രധാന ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. നല്ല നിലയിൽ പദ്ധതി നിർവ്വഹണം നടത്തിയ സർക്കാർ ഏജൻസികളെ എം.എൽ.എ.-മാരുടെ നിർദ്ദേശാനുസരണം ചുമതല ഏൽപ്പിക്കാവുന്നതാണ്. പണി പൂർത്തീകരിക്കാൻ കഴിയാത്ത ഏജൻസികളെ കരിമ്പട്ടികയിൽപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## III സബ്മിഷൻ

### (1) അവാസ്തവ പ്രസ്താവന

ശ്രീ. വി. ഡി. സതീശൻ: കിഫ്ബിയെ സംബന്ധിച്ച് പൊതുമരാമത്തു വകുപ്പുമന്ത്രി നടത്തിയ പ്രസ്താവനയും പരസ്പരവിരുദ്ധമായ രീതിയിൽ മന്ത്രിമാർ നടത്തുന്ന പ്രസ്താവനകളും മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വമില്ലായ്മ പ്രകടമാക്കുന്ന സാഹചര്യത്തിൽ ഈ വിഷയം വളരെ ഗൗരവത്തോടെ സഭ ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ജനോപകാരപ്രദമായ നടപടികൾ കൂട്ടുത്തരവാദിത്വത്തോടെ നിർവ്വഹിക്കുന്ന ഒരു സർക്കാരാണിത്. പൊതുമരാമത്ത് വകുപ്പുമന്ത്രി കിഫ്ബിക്കെതിരായി യാതൊരു പരാമർശവും നടത്തിയിട്ടില്ലെന്നും കിഫ്ബി മുഖേന സംസ്ഥാനത്തുണ്ടാകുന്ന വികസന കുതിപ്പിനെക്കുറിച്ചാണ് സൂചിപ്പിച്ചതെന്നും പ്രസംഗത്തിൽ പറഞ്ഞ നല്ല കാര്യങ്ങൾ തമസ്കരിക്കുകയും വ്യാജ വാർത്തകൾ പ്രചരിപ്പിക്കുകയുമാണ് മാധ്യമങ്ങൾ ചെയ്തതെന്നും അദ്ദേഹം

വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ. ജി. സുധാകരൻ പ്രസ്താവന നടത്തിയെന്ന അംഗത്തിന്റെ ആരോപണം അടിസ്ഥാനരഹിതവും വസ്തുതാവിരുദ്ധവുമാണ്. കൂട്ടുത്തരവാദിത്വത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഈ ഗവൺമെന്റ് ജനങ്ങൾക്ക് നല്കിയ വാഗ്ദാനങ്ങൾ പൂർണ്ണമായും നിറവേറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഭരണഘടനാപരമായ മൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. അതിന്റെ ഫലമായി വലിയ ജനപിന്തുണയാണ് സർക്കാർ ആർജ്ജിച്ചുകൊണ്ടിരിക്കുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കിഫ്ബി- ക്ക് എതിരായി യാതൊന്നും പറഞ്ഞിട്ടില്ല. വികസനത്തിന് തടസ്സമായി നിൽക്കുന്ന വിഷയങ്ങളെ സംബന്ധിച്ചാണ് പരാമർശിച്ചത്. ഫണ്ടില്ലാത്തതുകാരണം ഒരു മാസത്തേയ്ക്ക് മരാമത്തുപണികൾ നിർത്തിവയ്ക്കുകയും കരാർ ഒപ്പിടാത്ത പണികൾ മാറ്റിവയ്ക്കുകയും ചെയ്തതുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് പറഞ്ഞത്. കിഫ്ബി-ക്ക് അനുകൂലമായാണ് പറഞ്ഞിട്ടുള്ളതെന്ന കാര്യം അംഗീകരിക്കണം.

(ഗവൺമെന്റിന്റെ കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ട വിഷയം ഗൗരവപൂർവ്വം പരിഗണിക്കാത്ത സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

(2) വിദ്യാർത്ഥിനികളെ വിവസ്ത്രരാക്കിയുള്ള പരിശോധന

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): 'നീറ്റ്' പരീക്ഷയ്ക്കെത്തിയ വിദ്യാർത്ഥിനികളെ അപമാനിക്കുന്ന തരത്തിൽ അപരിഷ്കൃതമായി വസ്ത്ര പരിശോധന നടത്തിയത് സംബന്ധിച്ച് കേരളത്തിൽ അതിശക്തമായ പ്രതിഷേധം ഉയർന്നുവരികയാണ്. കണ്ണൂർ ജില്ലയിലെ ചില സ്വകാര്യ സ്കൂളുകളിലാണ് ഹീനമായ രീതിയിലുള്ള ഇത്തരം പരിശോധന നടന്നത്. മെറ്റൽ ഡിറ്റക്ടർ ഉപയോഗിച്ചുള്ള പരിശോധനയ്ക്കുശേഷമാണ് വിവസ്ത്രരാക്കിയുള്ള ദേഹപരിശോധന നടത്തിയത്. 'നീറ്റ്' പരീക്ഷയ്ക്ക് സി.ബി.എസ്.ഇ. ഏർപ്പെടുത്തിയ നിബന്ധനകൾ വളരെ ക്രൂരവും അംഗീകരിക്കാൻ കഴിയാത്തതും വിദ്യാർത്ഥികളെ ഭീതിയിലാഴ്ത്തുന്നതും മാനസിക സംഘർഷമുണ്ടാക്കുന്നതുമാണ്. മനുഷ്യാവകാശ ലംഘനമാണ് നടന്നിട്ടുള്ളത്. ഇക്കാര്യത്തിൽ സഭ ഒറ്റക്കെട്ടായി പ്രതിഷേധം രേഖപ്പെടുത്തേണ്ടതും സി.ബി.എസ്.ഇ.-യേയും കേന്ദ്ര ഗവൺമെന്റിനേയും കേരളത്തിന്റെ പ്രതിഷേധം അറിയിക്കുകയും ദേശീയതലത്തിൽ നടത്തുന്ന പരീക്ഷകളിൽ മനുഷ്യത്വരഹിതവും ക്രൂരവുമായ പരിശോധനാ നടപടികൾ ഒഴിവാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യണം.

ശ്രീ. കെ. സുരേഷ് കുറുപ്പ്: 'നീറ്റ്' പരീക്ഷാ കേന്ദ്രങ്ങളിൽ വിദ്യാർത്ഥിനികളുടെ വസ്ത്രം അഴിച്ച് പരിശോധിച്ച ക്രൂരവും നിന്ദ്യവുമായ നടപടിക്ക്

ഉത്തരവാദികളായവരുടെ പേരിൽ കേസെടുക്കുകയും കേന്ദ്ര ഗവൺമെന്റിനെ പ്രതിഷേധം അറിയിക്കുകയും ചെയ്യണം.

ശ്രീ. എം. രാജഗോപാലൻ: 'നീറ്റ് ' പരീക്ഷാകേന്ദ്രങ്ങളിൽ നടത്തിയ പരിശോധന സംബന്ധിച്ച് അന്വേഷിക്കാൻ ഉത്തരവിട്ട നടപടി സ്വാഗതാർഹമാണ്. നാടിനെ അപമാനിക്കുന്ന രീതിയിലുള്ള ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. പി. സി. ജോർജ്: 'നീറ്റ്' പരീക്ഷാകേന്ദ്രങ്ങളിൽ നടന്ന നീചവും പൈശാചികവുമായ രീതിയിലുള്ള പരിശോധനയ്ക്കെതിരെ ശക്തമായി പ്രതിഷേധിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): നീറ്റ് പരീക്ഷയുടെ ഭാഗമായി സി.ബി.എസ്.ഇ. ഏർപ്പെടുത്തിയ നിബന്ധനകളും ഡ്രസ് കോഡും വ്യാപകമായ ആക്ഷേപങ്ങൾക്കിടയാക്കുകയും വിദ്യാർത്ഥികളിൽ മാനസികാഘാതം ഉണ്ടാക്കുകയും ചെയ്തത് സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കാൻ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിലാണ് നീറ്റ് പരീക്ഷ നടന്നത്. കണ്ണൂർ ജില്ലയിലെ ആർമി പബ്ലിക് സ്കൂളിലുണ്ടായ സംഭവത്തിന്മേൽ വനിതാ പോലീസുദ്യോഗസ്ഥരുടെ നേതൃത്വത്തിൽ രക്ഷിതാക്കളെയും കുട്ടികളെയും നേരിൽ

കണ്ട് നിജസ്ഥിതി അന്വേഷിക്കുകയും ബന്ധപ്പെട്ടവരുടെ വീടുകളിൽ നേരിട്ട് അന്വേഷണം നടത്താൻ വനിതാ പോലീസ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. അന്വേഷണത്തിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. എറണാകുളം ജില്ലയിലെ കുറുപ്പംപടി സെന്റ് മേരീസ് സ്കൂളിൽ ഒരു വിദ്യാർത്ഥിക്ക് പരീക്ഷ എഴുതാൻ സാധിക്കാത്തത് സംബന്ധിച്ച് അന്വേഷിക്കുന്നതാണ്. പരീക്ഷാ ക്രമക്കേട് തടയുന്നതിനായി സി.ബി.എസ്.ഇ. ഏർപ്പെടുത്തിയ നിബന്ധനകളും ഡ്രസ് കോഡും വിദ്യാർത്ഥികൾക്ക് മനോവിഷമവും സമ്മർദ്ദവുമുണ്ടാക്കിയെന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(3) അസ്വാഭാവിക മരണം

ശ്രീ. പി. വി. അൻവർ: നിലമ്പൂർ നിയോജകമണ്ഡലത്തിലെ കോയിക്കര മാത്യുവിന്റെ അസ്വാഭാവിക മരണം സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി പ്രതികളെ കണ്ടെത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മലപ്പുറം ജില്ലയിൽ വഴിക്കടവ് വില്ലേജിലെ മാത്യു വൈദ്യുതാഘാതംമൂലം മരണപ്പെട്ടത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. മാത്യുവിന് വൈദ്യുതാഘാതം ഏൽക്കാനുണ്ടായ സാഹചര്യത്തെക്കുറിച്ചും സംഭവത്തെത്തുടർന്ന് ഒളിവിൽപ്പോകുകയും മുൻകൂർ ജാമ്യം നേടുകയും ചെയ്ത നാട്ടുകാരായ ബാലകൃഷ്ണൻ,

ഹംസ എന്നിവർക്ക് കേസുമായി ബന്ധമുണ്ടോയെന്നത് സംബന്ധിച്ചും അന്വേഷണം നടത്തുന്നതിന് ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണം ത്വരിതപ്പെടുത്തി നിജസ്ഥിതി പുറത്തുകൊണ്ടുവരുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(4) അക്കാദമികേതര സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തൽ

ശ്രീ. ടി. വി. ഇബ്രാഹിം: നോർക്കയുടെ കോഴിക്കോട്, കൊച്ചി ഓഫീസുകളിൽ അക്കാദമികേതര സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് സൗകര്യമേർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സെക്രട്ടേറിയറ്റിൽ നിലവിലുള്ള ഹോം അറ്റസ്റ്റേഷൻ വകുപ്പിലെ സംവിധാനം നിലനിർത്തിക്കൊണ്ട് നോർക്ക റൂട്ട്സിന് കീഴിലുള്ള എറണാകുളം, കോഴിക്കോട് സർട്ടിഫിക്കറ്റ് ആതന്റിക്കേഷൻ സെന്ററുകളിലെ ഹോം അറ്റസ്റ്റേഷൻ ഓഫീസർമാരുടെ സേവനം പ്രയോജനപ്പെടുത്തി അക്കാദമികേതര സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(5) ബയോഡൈവേഴ്സിറ്റി ബൊട്ടാണിക്കൽ ഗാർഡൻ

ശ്രീ. എസ്. രാജേന്ദ്രൻ: കെ.ഡി.എച്ച്. വില്ലേജിൽ മിച്ചഭൂമിയായി ഏറ്റെടുത്തിട്ടുള്ള സ്ഥലം ബയോഡൈവേഴ്സിറ്റി ബൊട്ടാണിക്കൽ ഗാർഡന്

വിട്ടുനൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ദേശീയ ജൈവ വൈവിദ്ധ്യ ഉദ്യാനവും പരമ്പരാഗത വിജ്ഞാനകേന്ദ്രവും പദ്ധതി നടപ്പിലാക്കുന്നതിന് കൈമാറി നൽകണമെന്ന് കേരള സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡ് ആവശ്യപ്പെട്ട സ്ഥലം കണ്ണൻ ദേവൻ കമ്പനിയിൽനിന്നും മിച്ചഭൂമിയായി സർക്കാർ ഏറ്റെടുത്ത് പുറമ്പോക്കിൽ ചേർത്ത ഭൂമിയിൽ ഉൾപ്പെട്ടതാണ്. ഗവൺമെന്റ് ഉത്തരവ് പ്രകാരം പ്രസ്തുത പുറമ്പോക്ക് ഭൂമിയിൽ 43452.80 ഏക്കർ ഭൂമി തൽസ്ഥിതിയിൽ നിലനിർത്തേണ്ടതും വനം വകുപ്പിന്റെ സംരക്ഷണ ചുമതലയിലുമായതിനാൽ ഇക്കാര്യത്തിൽ വനം വകുപ്പിന്റെ അഭിപ്രായമാരാഞ്ഞിരിക്കുകയാണ്.

(6) കുടിവെള്ളക്ഷാമം

ശ്രീ. കെ. ഡി. പ്രസേനൻ: ആലത്തൂർ, തരൂർ മണ്ഡലങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വണ്ടാഴി-കിഴക്കഞ്ചേരി-വടക്കഞ്ചേരി-കണ്ണമ്പ്ര കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ആലത്തൂർ മണ്ഡലത്തിലെ വണ്ടാഴി-കിഴക്കഞ്ചേരി-വടക്കഞ്ചേരി-കണ്ണമ്പ്ര കുടിവെള്ള പദ്ധതിക്ക് 2014-ൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 20 കോടി രൂപയുടെ

അംഗീകാരം ലഭിച്ചുവെങ്കിലും യഥാസമയം സ്ഥലം ലഭ്യമാകാത്തതിനാൽ പദ്ധതി നിർവ്വഹണത്തിന് കാലതാമസം നേരിട്ടതിന്റെ ഫലമായി കേന്ദ്രസഹായം കിട്ടാത്ത സാഹചര്യമാണുള്ളത്. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി പ്രകാരം പുതിയ പദ്ധതികളേറ്റെടുക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളിൽനിന്ന് കേരളത്തെ ഒഴിവാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുവെങ്കിലും അനുകൂല തീരുമാനമുണ്ടായിട്ടില്ല. എൻ.ആർ.ഡി.ഡബ്ല്യു. പദ്ധതി പ്രകാരം പൂർത്തീകരിച്ചതും നടന്നുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾക്ക് തുക നൽകാനുള്ളതിനാൽ പ്രസ്തുത പദ്ധതി ഏറ്റെടുക്കാൻ സർക്കാരിന് സാധിക്കില്ല. ഈ വിഷയം ധനകാര്യ വകുപ്പുമായി ചർച്ച ചെയ്യുന്നതാണ്.

(7) <u>അടിസ്ഥാന സൗകര്യ വികസനം</u>

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കാനും ട്രോമാകെയർ യൂണിറ്റ് പ്രവർത്തനക്ഷമമാക്കാനും സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാനും കാരുണ്യ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിപ്പിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ പീഡിയാട്രിക്, ഗൈനക്കോളജി, ഓർത്തോ, സൈക്യാട്രി, ഇ.എൻ.ടി., ജനറൽ മെഡിസിൻ, സർജറി,

ഒഫ്ത്താൽമോളജി, അനസ്തേഷ്യ, ഡെർമറ്റോളജി, ഡെന്റൽ എന്നീ സ്പെഷ്യാലിറ്റി സേവനങ്ങളും 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി സംവിധാനവും ലബോറട്ടറി, ബ്ലഡ് ബാങ്ക്, ഇ.സി.ജി., എക്സ്റേ, ന്യൂ ബോൺ ഐ.സി.യു. സേവനങ്ങളും ലഭ്യമാണ്. ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ആശുപത്രികളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള പ്രൊപ്പോസലിൽ ടി ആശുപത്രിയേയും ഉൾപ്പെടുത്തിയിട്ടുണ്ട്. 2017-18 വർഷത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഡയാലിസിസ് യൂണിറ്റ് തുടങ്ങാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കാൻ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-നെയും ഉപകരണങ്ങൾ വാങ്ങാൻ കെ.എം.എസ്.സി.എൽ.-നേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 14.08.2009-ലെ സർക്കാർ ഉത്തരവുപ്രകാരം ട്രോമാകെയർ യൂണിറ്റ് അനുവദിക്കുകയും എൻ.ആർ.എച്ച്.എം. ഫണ്ടുപയോഗിച്ച് കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരികയാണ്. 2016-17-ലെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി അത്യാഹിത വിഭാഗത്തിലേയ്ക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള തുക കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ന് കൈമാറിയിട്ടുണ്ട്.

(8) <u>സൈക്കോ സോഷ്യൽ കൗൺസിലർമാരുടെ ആനുകൂല്യങ്ങൾ</u>

<u>ശ്രീ. എം. സ്വരാജ്</u>: സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന സൈക്കോ സോഷ്യൽ കൗൺസിലർമാരുടെ വേതനം വർദ്ധിപ്പിക്കാനും അവധിയടക്കമുള്ള ആനുകൂല്യങ്ങൾ നൽകാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ)</u>: സംസ്ഥാനത്തെ 666 സ്കൂളുകളിൽ ജോലി നോക്കുന്ന സൈക്കോ സോഷ്യൽ കൗൺസിലർമാരുടെ നിയമനം സംബന്ധിച്ച് പരാതിയുണ്ടായതിന്റെ അടിസ്ഥാനത്തിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർവഴിയാണ് നിയമനം നടത്തുന്നത്. തുടക്കത്തിൽ 6000/- രൂപയായിരുന്ന വേതനം 2012-ൽ 12,500/- രൂപയായി വർദ്ധിപ്പിച്ചിരുന്നു. കാലാനുസൃതമായി വേതനം വർദ്ധിപ്പിക്കുന്നതിനായി സ്കൂൾ കൗൺസിലർമാരുടെ പ്രവർത്തനം, പദ്ധതിയുടെ പ്രയോജനം എന്നിവ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കാൻ സമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ദിവസ-കരാർ വേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന 12 കാറ്റഗറികളിലുള്ള തസ്തികകളുടെ വേതനം നിശ്ചയിച്ചുകൊണ്ട് 26.02.2016-ൽ സർക്കാർ ഉത്തരവിറക്കിയെങ്കിലും ടി തസ്തിക ഉൾപ്പെട്ടിരുന്നില്ല. പ്രസ്തുത ഉത്തരവിൽ ടി തസ്തികകൂടി ഉൾപ്പെടുത്തണമെന്ന് സാമൂഹ്യനീതി വകുപ്പ്

ശിപാർശ നൽകിയിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പ് 205 സ്കൂളുകളിൽ കൂടി ഈ സേവനം വ്യാപിപ്പിക്കാൻ തീരുമാനമെടുക്കുകയും 2,17,30,000/- രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(9) ചികിത്സ വൈകിയതുമൂലമുണ്ടായ മരണം

ശ്രീ. അൻവർ സാദത്ത്: കളമശ്ശേരി മെഡിക്കൽ കോളേജിൽ ചികിത്സാ പിഴവുമൂലം ജെറിൻ മൈക്കിൾ എന്ന വിദ്യാർത്ഥി മരണപ്പെട്ടത് സംബന്ധിച്ച് ഉന്നതതല അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്താനും കുടുംബത്തിന് നഷ്ടപരിഹാരം നൽകാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): എറണാകുളം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ സർജറി വിഭാഗത്തിൽ പ്രവേശിപ്പിച്ച ജെറിൻ മൈക്കിൾ എന്ന വിദ്യാർത്ഥി മരണപ്പെട്ട വിഷയത്തെ സംബന്ധിച്ചുള്ള അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. വയറുവേദനയെത്തുടർന്ന് അത്യാഹിത വിഭാഗത്തിൽ എത്തുകയും അപ്പന്റിസൈറ്റിസ് ആണെന്ന പ്രാഥമിക നിഗമനത്തിൽ സർജറി വാർഡിൽ പ്രവേശിപ്പിക്കുകയും ചെയ്തു. സർജറി തീരുമാനിക്കുന്നതിനുമുമ്പ് അൾട്രാസൗണ്ട് സ്കാനിംഗിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും രോഗിയുടെ നില വഷളായതിനാൽ സർജറി ഐ.സി.യു.-വിൽ വെന്റിലേറ്ററിൽ പ്രവേശിപ്പിച്ച് സാധ്യമായ ചികിത്സകൾ നൽകിയിട്ടും മരണം സംഭവിച്ചു.

ഡോക്ടർമാരുടെ ഭാഗത്തുനിന്നും വീഴ്ചകൾ ഉണ്ടായിട്ടില്ലെന്നാണ് പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്. കേസ് ഷീറ്റും റെക്കോർഡുകളും പോലീസ് കസ്റ്റഡിയിലായിരുന്നതിനാൽ പരിശോധിക്കാൻ കഴിഞ്ഞില്ല. പോസ്റ്റ്മോർട്ടം റിപ്പോർട്ട് പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ അന്വേഷണ കമ്മീഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി ആശുപത്രിയിൽ 108 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 1.12 കോടി രൂപയുടെ ഉപകരണങ്ങൾ വാങ്ങുകയും 368 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും 310 കോടി രൂപ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്താനും നടപടി സ്വീകരിച്ചുവരുന്നു.

(10) കിടത്തി ചികിത്സ

ശ്രീ. ആർ. രാമചന്ദ്രൻ : കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഓച്ചിറ, ആലപ്പാട് സി.എച്ച്.സി.-കളിൽ കിടത്തി ചികിത്സ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനുദ്ദേശിച്ചുകൊണ്ടുള്ള സർക്കാരിന്റെ സ്റ്റാൻഡേർഡൈസേഷൻ പദ്ധതിയുടെ കരട് ലിസ്റ്റിൽ ഓച്ചിറ

സി.എച്ച്.സി. ഉൾപ്പെട്ടിട്ടുണ്ട്. പോസ്റ്റുകൾ അംഗീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത സി.എച്ച്.സി.-യിൽ കിടത്തി ചികിത്സ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. നിലവിലുള്ള സ്റ്റാൻഡേർഡൈസേഷൻ മാനദണ്ഡമനുസരിച്ച് ഒരു ബ്ലോക്കിൽ ഒരു സി.എച്ച്.സി. എന്ന നിലയിൽ മൈനാഗപ്പള്ളി ബ്ലോക്കിൽ ഓച്ചിറ സി.എച്ച്.സി. ഉൾപ്പെട്ടിരിക്കുന്നതിനാൽ ആലപ്പാട് സി.എച്ച്.സി.-യിൽ കിടത്തി ചികിത്സ ഇപ്പോൾ പരിഗണിക്കുന്നില്ല.

(11) പാലം പുതുക്കൽ

ശ്രീ. സി. കൃഷ്ണൻ: പയ്യന്നൂർ മണ്ഡലത്തിലെ വെള്ളൂർ-പാടിയോട്ടുചാൽ - പുളിങ്ങോം റോഡിലെ വടവന്തൂർ പാലം പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): വടവന്തൂർ പാലം പുതുക്കിപ്പണിയുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചുവരുന്നു. വിശദമായ ഡിസൈൻ തയ്യാറാക്കുന്നതിനായി സാധ്യതാ പഠന റിപ്പോർട്ട്, പൈൽ കപ്പാസിറ്റി, ജിയോടെക്സ്റ്റൈൽ റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ ലഭിക്കുന്നമുറയ്ക്ക് ഡിസൈൻ അംഗീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതാണ്. കാലപ്പഴക്കം ചെന്ന പാലങ്ങൾ പുതുക്കിപ്പണിയുന്നതിന് പാലം സംരക്ഷണ വിദഗ്ധ സമിതി

രൂപീകരിച്ചുവരികയാണ്.

## IV ധനകാര്യം

2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVIII -വൈദ്യസഹായവും പൊതുജനാരോഗ്യവും (4735,44,49,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIX – കുടുംബക്ഷേമം (390,60,69,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLVI– സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും (3320,97,33,000 രൂപ)

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XL– തുറമുഖങ്ങൾ (144,14,08,000 രൂപ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്): വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ

ധനാഭ്യർത്ഥനയേയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയേയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയേയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.)

ശ്രീ. ജോൺ ഫെർണാണ്ടസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യരംഗത്ത് ഉന്നത നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. ആരോഗ്യരംഗം മെച്ചപ്പെടുത്തുന്നതിന് സഹായകരമായ നിലപാടാണ് ഐക്യകേരള രൂപീകരണത്തെത്തുടർന്ന് അധികാരത്തിൽവന്ന ഗവൺമെന്റുകൾ സ്വീകരിച്ചിട്ടുള്ളത്. ആരോഗ്യരംഗത്ത് സർക്കാരിന്റെ സംയോജിത ഇടപെടലിന്റെ ഫലമായി ശിശുമരണ നിരക്ക് കുറയുകയും ആയുർദൈർഘ്യം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ജീവിതശൈലീരോഗങ്ങൾ വർദ്ധിക്കുകയും മാനസികരോഗികളുടെ എണ്ണം കൂടുകയും ആത്മഹത്യയിൽ വർദ്ധനവുണ്ടാകുകയും റോഡപകടങ്ങൾമൂലം മരിക്കുന്നവരുടെ എണ്ണം കൂടുകയും ചെയ്യുന്ന സാഹചര്യത്തിൽ ദേശീയ ആരോഗ്യ നയത്തിൽനിന്ന് വ്യത്യസ്തമായി ആരോഗ്യരംഗത്ത് എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം. ആരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഗവൺമെന്റ് നടത്തുന്ന

ശ്രമങ്ങൾ ശ്ലാഘനീയമാണ്. കഴിഞ്ഞ ഗവൺമെന്റ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ആരോഗ്യ മേഖലയിൽ ശക്തമായ ഇടപെടൽ നടത്താൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ജീവിതശൈലീരോഗങ്ങളിൽനിന്നും കേരളീയരെ വിമുക്തമാക്കുന്നതിനുവേണ്ടി ദീർഘകാല പദ്ധതി നടപ്പിലാക്കുന്നതിനും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി മാറ്റുന്നതിനും ഒരു കുടുംബത്തിന് ഒരു ഡോക്ടർ എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കുന്നതിനുമുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. എറണാകുളം ഗവൺമെന്റ് മെഡിക്കൽ കോളേജും ക്യാൻസർ സെന്ററും മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ജീവനക്കാരുടെ പ്രശ്നം പരിഹരിക്കുന്നതിനും അനുവദിച്ചുകിട്ടിയ തസ്തികകൾ ഉപയോഗപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണം. തുറമുഖങ്ങളെ ചരക്കുനീക്കത്തിനുവേണ്ടി ഉപയോഗിക്കുന്നതിനും ഉൾനാടൻ ജലപാത പ്രയോജനപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. കൊച്ചി തുറമുഖത്തെ സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര നീക്കത്തെ ശക്തമായി എതിർക്കണം.

<u>ശ്രീ. എം. വിൻസെന്റ്:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പുനരധിവാസ പാക്കേജ് പരിശോധിച്ച് പാകപ്പിഴകളുണ്ടെങ്കിൽ തിരുത്തി അടിയന്തരമായി നടപ്പിലാക്കുന്നതിനും അദാനി ഗ്രൂപ്പ് നൽകുന്ന

കുടിവെള്ളം കൃത്യമായും ജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം. പോർട്ട് സിറ്റിയുടെ പുരോഗതി വിലയിരുത്തി നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ അടിയന്തരമായി നടപ്പിലാക്കുകയും കോസ്റ്റൽ ഷിപ്പിംഗിന്റെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുകയും വേണം. റെയിൽ കണക്ടിവിറ്റിയുടെ ലാന്റ് അക്വിസിഷൻ നടപടി അടിയന്തരമായി നടപ്പാക്കണം. തീരദേശ മേഖലയിലെ സർക്കാർ ആശുപത്രികളിൽ കൂടുതൽ ഡോക്ടർമാരെ അനുവദിക്കുന്നതിനും മെച്ചപ്പെട്ട ചികിത്സ ഏർപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീമതി സി. കെ. ആശ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വേമ്പനാട് കായൽത്തീരത്ത് സ്ഥിതിചെയ്യുന്ന വൈക്കത്തെ ഗവൺമെന്റ് താലൂക്ക് ആശുപത്രിയെ തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും ഉറപ്പുവരുത്തുന്നതിനായി ഈ ഗവൺമെന്റ് ആർദ്രം, സ്നേഹപൂർവ്വം, സ്മൃതിപഥം, തലോടൽ എന്നീ പദ്ധതികൾ നടപ്പിലാക്കിയത് അഭിനന്ദനാർഹമാണ്. കുടുംബാരോഗ്യ രംഗത്ത് കേരളത്തിന്റെ വളർച്ച പ്രശംസനീയമാണ്. സ്വകാര്യ മരുന്നു കമ്പനിക്കാരുടെ ചൂഷണം അവസാനിപ്പിക്കുന്നതിനും നൂതന സംവിധാനങ്ങൾ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കണം. കുഞ്ഞുങ്ങൾക്ക്

രോഗപ്രതിരോധശേഷി ഉറപ്പുനൽകുന്ന വിധത്തിലുള്ള വാക്സിനുകൾ മാത്രം നൽകുന്നതിന് നടപടി സ്വീകരിക്കുകയും ജീവൻരക്ഷാ മരുന്നുകളുടെ വില നിയന്ത്രിക്കുകയും വേണം. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ലാബുകളിലും ആശുപത്രികളിലും നിശ്ചിത യോഗ്യതയില്ലാത്തവർ ജോലി ചെയ്യുന്നത് തടയുന്നതിനും പരിശോധനാ ഫീസ് ക്ലാസിഫിക്കേഷൻ അനുസരിച്ച് ഏകീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. നീറ്റ് പരീക്ഷയ്ക്കെത്തിയ വിദ്യാർത്ഥികളുടെ ആത്മാഭിമാനത്തിന് ക്ഷതമേൽപ്പിച്ചവരെ അടിയന്തരമായി അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് പകർച്ചവ്യാധികൾമൂലം മരണ നിരക്ക് വർദ്ധിച്ചിരിക്കുകയാണ്. പകർച്ചവ്യാധികൾ തടയുന്നതിനായി മന്ത്രിമാരുടെ മേൽനോട്ടത്തിൽ വാർഡ്തലത്തിൽ നടത്തിയിരുന്ന ശുചീകരണ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നില്ല. പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജ് വരെ സമൂഹത്തിലെ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും സൗജന്യ മരുന്നു വിതരണത്തിനായി ബഡ്ജറ്റിൽ പ്രൊവിഷനുണ്ടെങ്കിലും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുകയൊന്നും അനുവദിക്കാത്തതിനാൽ രോഗികൾക്ക് മരുന്ന് ലഭിക്കാത്ത അവസ്ഥയാണുള്ളത്. പാവപ്പെട്ട ഹൃദ്രോഗികൾക്കും ക്യാൻസർ

രോഗികൾക്കും ചികിത്സാ സഹായം നൽകുന്നതിന് കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച കാരുണ്യ ബെനവലന്റ് ഫണ്ട്, കോക്ലിയർ ഇംപ്ലാന്റേഷൻ, താലോലം, ആരോഗ്യ കേരളം, അമൃതം ആരോഗ്യം എന്നീ പദ്ധതികളുടെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. പാരിപ്പള്ളി, മഞ്ചേരി മെഡിക്കൽ കോളേജുകൾക്ക് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം നേടിയെടുക്കുന്നതിനും കളമശ്ശേരി മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന മാഫിയകളെ നിയന്ത്രിക്കാനുമുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യ രംഗം ബഹുരാഷ്ട്ര കുത്തകകളുടെ പിടിയിലാകുന്ന രീതിയിലുള്ള കേന്ദ്ര ഗവൺമെന്റ് നയത്തെ എങ്ങനെ ചെറുത്ത് തോൽപ്പിക്കാൻ സാധിക്കുമെന്നതിനെ കുറിച്ച് പരിശോധിക്കണം. ആർദ്രം പദ്ധതിയുടെ ഭാഗമായി ആരോഗ്യ രംഗത്ത് വലിയ മാറ്റം കൊണ്ടുവരാൻ സാധിച്ചു. മറ്റ് സംസ്ഥാനങ്ങളിൽ ഇതിനോടകം നടപ്പാക്കിയ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നടപ്പാക്കുകയും പൊതുജനാരോഗ്യം മുൻനിർത്തിയുള്ള നിയമനിർമ്മാണം നടത്തുകയും വേണം. പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ ജില്ലാ ആശുപത്രികൾ വരെ രോഗികൾക്കാനുപാതികമായി ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കണം. ചികിത്സാചെലവിന് ആനുപാതികമായി ഇൻഷ്വറൻസ് തുക വർദ്ധിപ്പിക്കേണ്ടതും ഇൻഷ്വറൻസ് കമ്പനികളുടെ തട്ടിപ്പിന്

തടയിടേണ്ടതുമാണ്. ഭക്ഷ്യ വസ്തുക്കളിൽ വിഷാംശമില്ലെന്ന് ഉറപ്പുവരുത്തുകയും ഹോട്ടൽ ഭക്ഷണത്തിന്മേലുള്ള പരിശോധനാ സംവിധാനം ശക്തിപ്പെടുത്തുകയും വേണം. ശുദ്ധജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് താലൂക്കടിസ്ഥാനത്തിൽ പരിശോധനാ ലാബുകൾ ആരംഭിക്കണം. മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുകയും പി.എച്ച്.സി.-കളിൽ 2 ഡോക്ടർമാരെ വീതം നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. റോഷി അഗസ്റ്റിൻ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ആരോഗ്യ മേഖലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കണം. സർക്കാർ ആശുപത്രികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കുകയും തസ്തികകൾ സൃഷ്ടിക്കുകയും ചെയ്യണം. ആർദ്രം പദ്ധതി നടപ്പാക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. ഇടുക്കി മെഡിക്കൽ കോളേജിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കണം. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വൈദ്യുതിയും കുടിവെള്ളവുമെത്തിക്കുന്നതിനും നടപടി സ്വീകരിക്കണം. അർബുദ രോഗികൾക്കുള്ള പെൻഷൻ വീടുകളിൽ എത്തിച്ചുകൊടുക്കണം.

ശ്രീമതി യു. പ്രതിഭ ഹരി : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ വായ്പയെടുത്തവരെ സഹായിക്കുന്നതിനായി 900 കോടി രൂപ നീക്കിവയ്ക്കുന്നതിനും

സാമൂഹ്യക്ഷേമ പെൻഷനുകൾ 1100 രൂപയായി വർദ്ധിപ്പിക്കുന്നതിനും അവ വീടുകളിലെത്തിച്ചുകൊടുക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ 45,000-ത്തോളം ഡിജിറ്റൽ ക്ലാസ് റൂമുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കഴിഞ്ഞ പതിനൊന്ന് മാസത്തിനിടയിൽ 36,047 പേർക്ക് പി.എസ്.സി. വഴി നിയമനം നൽകുന്നതിനും അന്യസംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. പ്രേരക്മാർ, ലൈബ്രേറിയന്മാർ, നേഴ്സറി ടീച്ചർമാർ, അങ്കണവാടി വർക്കർമാർ, ഹെൽപ്പർമാർ എന്നിവരുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ട്. സമ്പൂർണ്ണ ഭവന പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ഒരു ലക്ഷം പേർക്ക് വീടുവച്ചുകൊടുക്കുന്നതിന് തീരുമാനിക്കുകയും സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ഒരു ലക്ഷത്തിലധികം പുതിയ കണക്ഷനുകൾ നൽകുകയും ചെയ്തു. സാനിട്ടറി സംവിധാനമുള്ള ഒരു ലക്ഷത്തിലധികം കക്കൂസുകൾ നിർമ്മിച്ചുകൊടുക്കുകയും ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി 250 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ചെറുകിട കയർ ഫാക്ടറികളിലെ ഉല്പന്നങ്ങൾ സർക്കാർതന്നെ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള മുഴുവൻ കശുവണ്ടി ഫാക്ടറികളും തുറന്നുപ്രവർത്തിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതർക്ക് സഹായമെത്തിക്കുന്നതിനും പട്ടികജാതി-

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനാവശ്യമായ വിഹിതം നീക്കിവയ്ക്കുന്നതിനും ഇടമലക്കുടി പദ്ധതി ആവിഷ്കരിക്കുന്നതിനും പിന്നോക്കവിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ വായ്പാകുടിശ്ശിക കൊടുത്തുതീർക്കുന്നതിനും ആരോഗ്യ മേഖലയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. 108 ആംബുലൻസുകളുടെ സേവനം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനും ദേശീയപാതയ്ക്ക് സമീപത്തുള്ള ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം ആരംഭിക്കുന്നതിനും കായംകുളം താലൂക്കാശുപത്രിയിൽ സർജന്റെ ഒഴിവ് നികത്തുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. അനൂപ് ജേക്കബ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ആർദ്രം പദ്ധതി നടപ്പാക്കുന്നതോടെ ആരോഗ്യരംഗത്തെ സേവനങ്ങൾ മെച്ചപ്പെടുമെന്ന് പറയുന്നത് ശരിയല്ല. കാരുണ്യ മെഡിക്കൽ സ്റ്റോറുകളിൽ എല്ലാ മരുന്നുകളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. അവയവദാനവുമായി ബന്ധപ്പെട്ട സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിനും കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും കാലതാമസം കൂടാതെ ചികിത്സാത്തുക അനുവദിക്കുന്നതിനും കൂത്താട്ടുകുളം സർക്കാർ ആശുപത്രിയിൽ കാഷ്വാലിറ്റി സംവിധാനമേർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കാരാട്ട് റസാഖ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യരംഗത്ത് മാതൃകാപരമായ നേട്ടങ്ങൾ കൈവരിക്കാനും വർദ്ധിച്ചുവരുന്ന സാംക്രമിക

രോഗങ്ങളെ ഒരു പരിധിവരെ നിയന്ത്രണ വിധേയമാക്കാനും കഴിഞ്ഞിട്ടുണ്ട്. ക്യാൻസർ രോഗികളുടെ വർദ്ധനവ് കണക്കിലെടുത്ത് ആർ.സി.സി.-യിൽ പുതിയ കെട്ടിടനിർമ്മാണത്തിന് നടപടി സ്വീകരിച്ചത് അഭിനന്ദനാർഹമാണ്. താലൂക്കാശുപത്രികളിൽ ക്യാൻസർ ചികിത്സാസൗകര്യം ലഭ്യമാക്കുന്നതിനും സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും കുറവ് പരിഹരിക്കുന്നതിനും നടപടിയുണ്ടാകണം. രോഗികൾക്ക് ഗുണമേന്മയുള്ള ചികിത്സയും സൗഹാർദ്ദപരമായ സേവനവും ഉറപ്പാക്കുന്നതിന് ആർദ്രം പദ്ധതി സഹായകമാകും. കോഴിക്കോട് മെഡിക്കൽ കോളേജിലെ ടെർഷ്യറി ക്യാൻസർ കെയർ സെന്ററിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികളും ട്രോമാകെയർ പദ്ധതിക്ക് രൂപം നൽകിയതും സ്വാഗതാർഹമാണ്. സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനും ആരോഗ്യ മേഖലയിൽ സ്വകാര്യ ആശുപത്രികളുടെ ചൂഷണം അവസാനിപ്പിക്കുന്നതിനും നടപടിയുണ്ടാകണം. അങ്കണവാടി ജീവനക്കാരുടെ പെൻഷൻ തുക വർദ്ധിപ്പിച്ചതും അംഗപരിമിതർക്ക് ഏകീകൃത ഐ.ഡി. കാർഡ് നൽകാനുള്ള നടപടിയും സ്നേഹപൂർവ്വം പദ്ധതിയിലൂടെ അനാഥബാല്യങ്ങളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചതും സ്വാഗതാർഹമാണ്. തുറമുഖ വികസന കാര്യത്തിൽ ഈ സർക്കാർ ചരിത്രപരമായ മുന്നേറ്റമാണ് കൈവരിച്ചുകൊണ്ടിരിക്കുന്നത്. കൊച്ചിൻ പോർട്ട്

ട്രസ്റ്റിൽ ചരക്ക നീക്കത്തിൽ വൻവർദ്ധനവാണ് ഉണ്ടായിരിക്കുന്നത്.

<u>ശ്രീ. പി. സി. ജോർജ്</u>: വൈദ്യസഹായവും പൊതുജനാരോഗ്യവും വകുപ്പിൽ യൂണിയൻ ഭരണമാണ് നടക്കുന്നത്. ഉഴവൂരിലെയും ഈരാറ്റുപേട്ടയിലെയും ഹെൽത്ത് ഇൻസ്പെക്ടർമാരെ പരസ്പരം സ്ഥലം മാറ്റിയ നടപടിയോട് യോജിക്കുന്നില്ല. മുണ്ടക്കയം ആശുപത്രിയെ താലൂക്കാശുപത്രിയാക്കി മാറ്റാനുള്ള നടപടി സ്വീകരിക്കണം. മരുന്നുവിലയിൽ വൻവർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

<u>ശ്രീ. വി. കെ.സി. മമ്മത് കോയ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ബേപ്പൂർ അടക്കമുള്ള തുറമുഖവികസനത്തിന് 46 കോടി രൂപയും ഡ്രെഡ്ജിംഗിന് 13 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയത് സ്വാഗതാർഹമാണ്. ബേപ്പൂർ തുറമുഖത്തെ വാർഫിന്റെ നീളം കൂട്ടുന്നതിന് കോവിലകം ഭൂമി ഏറ്റെടുക്കുന്നതിനും കപ്പൽ നിർമ്മാണശാലയ്ക്കുവേണ്ടി സിൽക്കിന് ലീസിന് നൽകിയ ഭൂമി തിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിക്കണം. ബേപ്പൂർ തുറമുഖത്തുനിന്ന് ലക്ഷദ്വീപിലേയ്ക്ക് ചരക്ക് നീക്കത്തിനായി വാർഫ് നിർമ്മിക്കുന്നതിനും തൊഴിലാളികൾക്ക് റെസ്റ്റ് റൂമുകളും ടോയ്‌ലെറ്റ് സൗകര്യവും ഏർപ്പെടുത്തുന്നതിനും കാലപ്പഴക്കം ചെന്ന ക്രെയിനുകൾക്കുപകരം മൊബൈൽ ക്രെയിനുകൾ സ്ഥാപിക്കുന്നതിനും ക്രെയിൻ ഓപ്പറേറ്റർമാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം. ആരോഗ്യരംഗത്ത് ജനോപകാരപ്രദമായ നടപടികളാണ്

സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അവയവമാറ്റത്തിന് വിധേയരായവരുടെ ചികിത്സയ്ക്കായി കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനും ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും ബഡ്ജറ്റിൽ തുക വകയിരുത്തിയ നടപടി സ്വാഗതാർഹമാണ്. രോഗികളുടെ എണ്ണത്തിനനുസരിച്ച് ഓരോ ആശുപത്രികളുടെയും സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കണം. തീരദേശ മേഖലകളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനസമയം നിജപ്പെടുത്തുന്നതിനും ഡോക്ടർമാർ അവധിയിൽ പ്രവേശിക്കുമ്പോൾ പകരം സംവിധാനം ഏർപ്പെടുത്തുന്നതിന് ജില്ലാതലത്തിൽ റിസർവ് ഡോക്ടർമാരുടെ ഗ്രൂപ്പ് രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. ഫറൂഖ് താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് അനുവദിച്ചത് അഭിനന്ദനാർഹമാണ്. സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് പഞ്ചായത്ത്, എം.എൽ.എ./എം.പി. ഫണ്ടുപയോഗിച്ച് സ്ഥലം വാങ്ങുന്നതിനാവശ്യമായ നിയമ ഭേദഗതി കൊണ്ടുവരണം.

<u>ശ്രീ. റോജി എം. ജോൺ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മരുന്നുലോബിയെ നിയന്ത്രിക്കുന്നതിനും പല രോഗങ്ങൾക്ക് ഒരേ പേരിൽ മരുന്നുകൾ വിപണിയിലിറക്കുന്നത് നിരോധിക്കുന്നതിനും മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും സർക്കാർ ആശുപത്രികളിൽ സ്റ്റാഫ് പാറ്റേണും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിനും നടപടി

സ്വീകരിക്കണം. എ.സി. അങ്കണവാടികൾ നിർമ്മിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ടോയെന്ന് പരിശോധിക്കണം. സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കണം.

ശ്രീ. വി. ആർ. സുനിൽ കുമാർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമഗ്ര ആരോഗ്യപദ്ധതി നടപ്പിലാക്കിയത് സാധാരണക്കാർക്ക് ആശ്വാസം പകരുന്നതാണ്. 'ആർദ്രം' പദ്ധതിയിലൂടെ രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകിവരുന്നു. ആരോഗ്യരംഗത്ത് 'ഇ-ഹെൽത്ത്' പദ്ധതിക്ക് തുടക്കം കുറിച്ചു. ആരോഗ്യ-സാമൂഹ്യനീതി വകുപ്പുകളിൽ 2256 തസ്തികകളിൽ പി.എസ്.സി. നിയമനം നടത്തുന്നതിനും 2073 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും 719 അസിസ്റ്റന്റ് സർജന്മാർക്ക് നിയമനം നൽകുന്നതിനും നടപടി സ്വീകരിച്ചു. രണ്ട് മെഡിക്കൽ കോളേജുകളിലും എട്ട് ജില്ലാ ആശുപത്രികളിലും കാത്ത്‌ലാബും കാർഡിയാക് കെയർ യൂണിറ്റും 44 താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകളും ആരംഭിക്കാൻ തീരുമാനിച്ചു. മുതിർന്ന പൗരന്മാരുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി 'വയോമിത്രം' പദ്ധതി നടപ്പിലാക്കിയതും 255 അംഗപരിമിതർക്ക് സ്ഥിരനിയമനം നൽകിയതും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റിയതും ആശാവർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിച്ചതും ശ്ലാഘനീയമാണ്.

ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി 'അനുയാത്ര' പദ്ധതി നടപ്പിലാക്കിയതും ഓട്ടിസം സെന്റർ സ്ഥാപിച്ചതും 'ആശ്വാസ കിരണം' പദ്ധതി പുനഃസ്ഥാപിച്ചതും പ്രശംസനീയമാണ്. പി.എച്ച്.സി./സി.എച്ച്.സി.- കളിൽ ഫിസിയോതെറാപ്പിക്കും സ്പീച്ച് തെറാപ്പിക്കുമുള്ള സൗകര്യമേർപ്പെടുത്തുന്നതിനും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ ആരംഭിക്കുന്നതിനും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ പ്രാധാന്യം വീണ്ടെടുക്കുന്നതിനും ശ്രമിക്കണം. മരുന്നുകമ്പനികളും ഡോക്ടർമാരും മരുന്നു കച്ചവടക്കാരും തമ്മിലുള്ള അവിഹിതക്കൂട്ടുകെട്ട് നിയന്ത്രിക്കുന്നതിനും സംസ്ഥാന മെഡിക്കൽ കൗൺസിലിന്റെ സേവനം ഉപയോഗപ്പെടുത്തി സ്വകാര്യ ആശുപത്രികളെ നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനമേർപ്പെടുത്തണം. ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. സൗജന്യ ചികിത്സാ സൗകര്യങ്ങളൊരുക്കുന്നതിനും ശിശുമരണ നിരക്കുകൾ കുറയ്ക്കുന്നതിനും പി.എച്ച്.സി., സി.എച്ച്.സി., താലൂക്ക്-ജില്ലാ ആശുപത്രികളുടെ നിലവാരം ഉയർത്തുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. എസ്.സി./എസ്.ടി. കോർപ്പറേഷന്റെ കീഴിൽ ഒല്ലൂരിൽ പ്രവർത്തിക്കുന്ന ആയുർധാര സ്ഥാപനം ഉത്പാദിപ്പിക്കുന്ന ആയുർവേദ മരുന്നുകൾ സർക്കാർ ആയുർവേദ ആശുപത്രികളിലേയ്ക്ക് വാങ്ങിക്കുന്നതിനുള്ള തീരുമാനമുണ്ടാകണം. കൊടുങ്ങല്ലൂർ

തുറമുഖത്തെ ആധുനിക രീതിയിലുള്ള തുറമുഖമാക്കി മാറ്റണം.

ശ്രീ. പി. കെ. ബഷീർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ ലഹരി വിരുദ്ധ കേന്ദ്രം ആരംഭിക്കുന്നതിനും മുൻ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നതിനും 'ആർദ്രം' പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടില്ല. ഓട്ടിസം, സെറിബ്രൽ പാൾസി എന്നിവ ബാധിച്ച കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് സ്കൂളുകളാക്കാൻ പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കണം. കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിലുണ്ടായിരുന്ന തസ്തികകൾ പുന:സ്ഥാപിക്കണം.

ശ്രീ. സി. കെ. ശശീന്ദ്രൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യ-സാമൂഹ്യക്ഷേമ മേഖലകളിലും തുറമുഖ വികസനത്തിലും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാനും സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും ആർദ്രം പദ്ധതി നടപ്പിലാക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. പുതുക്കിയ സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കണം. ആരോഗ്യ വിദ്യാഭ്യാസ മേഖലയ്ക്ക് മുന്തിയ പരിഗണന നൽകിയതും 1967 പുതിയ തസ്തികകൾ സൃഷ്ടിച്ചതും 2137 പേരെ പി.എസ്.സി. മുഖാന്തിരം നിയമിച്ചതും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 417 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയതും സ്വാഗതാർഹമാണ്. സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മെരിറ്റ് സീറ്റുകളുടെ

എണ്ണം വർദ്ധിപ്പിക്കാനും തലവരിപ്പണം ഇല്ലാതാക്കാനും സ്വീകരിച്ച നടപടി അഭിനന്ദനാർഹമാണ്. എയിംസ് മോഡൽ ട്രോമാ കെയർ പദ്ധതിക്ക് രൂപം കൊടുക്കാനും ക്യാൻസർ രോഗ ചികിത്സാ ചെലവ് കുറയ്ക്കാനും 170 പഞ്ചായത്തുകളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാനും നടപടി സ്വീകരിച്ചത് സ്വാഗതാർഹമാണ്. വയനാട് മെഡിക്കൽ കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം. വയനാട്ടിൽ കുരങ്ങുപനി ബാധിച്ച് മരണമുണ്ടാകുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ രോഗനിർണ്ണയം നടത്തുന്നതിനായി ബത്തേരി താലൂക്കാശുപത്രിയിൽ വൈറോളജി ലാബ് തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. കല്പറ്റ ജനറൽ ആശുപത്രി പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനും വൈത്തിരി താലൂക്കാശുപത്രിയിലെ ലേബർ റൂമിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി കൂടുതൽ ഗൈനക് ഡോക്ടർമാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം. വയനാട്ടിലെ അംബേദ്കർ ക്യാൻസർ ആശുപത്രിയിൽ ഓങ്കോളജിസ്റ്റ് ഉൾപ്പെടെയുള്ള ഡോക്ടർമാരെ അടിയന്തരമായി നിയമിക്കണം. താലോലം, ആരോഗ്യകിരണം പദ്ധതികൾ ശക്തിപ്പെടുത്താനും വയനാട് ആദിവാസി ഊരുകളിൽ സിക്കിൾസെൽ അനീമിയ ബാധിച്ച മുഴുവൻ ആളുകൾക്കും പെൻഷൻ നൽകാനും നടപടി സ്വീകരിക്കണം. രോഗം ബാധിച്ച

കുട്ടികൾക്ക് വീടിനടുത്തുള്ള സ്കൂളുകളിൽ സ്പോട്ട് അഡ്മിഷൻ നൽകാനും റേഷൻ കാർഡിൽ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിക്കണം. ആശാ വർക്കർമാരുടെ ശമ്പളം വർദ്ധിപ്പിച്ചതും അർബുദ ചികിത്സാ കേന്ദ്രങ്ങളിൽ 105 പുതിയ തസ്തികകൾ സൃഷ്ടിക്കാൻ തയ്യാറായതും സ്ത്രീ സുരക്ഷയ്ക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന വിമൻസ് ഹെൽപ് ലൈൻ ഉൾപ്പെടെയുള്ള പദ്ധതികൾ ആരംഭിച്ചതും ആദിവാസി ഊരുകളിൽ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചതും സ്വാഗതാർഹമാണ്. വിഴിഞ്ഞം പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാനും കടൽവഴിയുള്ള ചരക്കുനീക്കത്തിനും ഗതാഗതത്തിനുമുള്ള പ്രത്യേക പദ്ധതി തയ്യാറാക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. യു.ഡി.എഫ്. സർക്കാർ ആരംഭിച്ച ചികിത്സാ പദ്ധതികൾ നടപ്പാക്കാൻ തയ്യാറാകണം. കോക്ലിയർ ഇംപ്ലാന്റേഷൻ ചികിത്സ പുനരാരംഭിക്കണം. 2015-16-ൽ കേന്ദ്ര ഫണ്ട് ലഭിച്ച എൻ.ആർ.എച്ച്.എം. പദ്ധതികൾ ആരംഭിക്കാത്തത് സംബന്ധിച്ച് അന്വേഷിക്കണം. 2000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാൻ തയ്യാറാകണം. കേരളത്തിലെ 8 ആശുപത്രികൾക്ക് എൻ.എ.ബി.എച്ച്. അക്രെഡിറ്റേഷൻ ലഭിച്ചതിൽ 6 എണ്ണത്തിന് നഷ്ടമായ സാഹചര്യം സംബന്ധിച്ച് പരിശോധിക്കണം. IPHS (Indian Public

Health Standard) അനുസരിച്ച് ആരോഗ്യമേഖലയിൽ 10,000 തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടി സ്വീകരിക്കണം. യു.ഡി.എഫ്. സർക്കാർ ആരംഭിച്ച മൃതസഞ്ജീവനി പദ്ധതി പുനരാരംഭിക്കാൻ അടിയന്തര ഇടപെടലുണ്ടാകണം. എയർ ആംബുലൻസ് പദ്ധതി നിർത്തലാക്കിയതിന്റെയും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആരംഭിച്ച ലിവർ ട്രാൻസ്പ്ലാന്റേഷൻ പദ്ധതിയുടെ സ്തംഭനാവസ്ഥയുടേയും കാരണം വ്യക്തമാക്കണം. പകർച്ചവ്യാധി തടയുന്നതിനുള്ള ഒരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല. ഗ്രാമപ്രദേശങ്ങളിൽ ചികിത്സ ലഭ്യമാക്കാനും മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ കുട്ടികൾക്ക് സർക്കാർ മേഖലയിൽ പഠിക്കുന്നതിനും അവസരമുണ്ടാകുന്നതിനുവേണ്ടി മുൻ സർക്കാർ അനുവദിച്ച മെഡിക്കൽ കോളേജുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കണം. മെഡിക്കൽ ഫീസ് 50 ശതമാനം വർദ്ധിപ്പിച്ചത് സംബന്ധിച്ച് പരിശോധിക്കണം. നീറ്റ് പ്രവേശന പരീക്ഷയ്ക്കെത്തിയ വിദ്യാർത്ഥികളെ അപമാനിച്ചവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് നിർദ്ദേശങ്ങളും വിമർശനങ്ങളും രേഖപ്പെടുത്തിയ എല്ലാവർക്കും നന്ദി. ജീവിതശൈലീ രോഗങ്ങളും

പകർച്ചവ്യാധികളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആരോഗ്യ മേഖലയ്ക്ക് കൂടുതൽ തുക വകയിരുത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയിലൂടെ ആരോഗ്യമേഖലയിൽ ഗുണപരമായ മാറ്റമുണ്ടാക്കാൻ കഴിയുന്നതാണ്. പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. ഒരു പി.എച്ച്. സി.-യുടെ കീഴിൽ വരുന്ന കുടുംബങ്ങളെ മുഴുവൻ രജിസ്റ്റർ ചെയ്ത് ഓരോ കുടുംബത്തിലെയും അംഗങ്ങൾക്ക് വ്യക്തിപരമായ ശ്രദ്ധ കിട്ടുന്ന രീതിയിലുള്ള ചികിത്സയാണ് ക്രമീകരിക്കുന്നത്. താലൂക്ക് ഹോസ്പിറ്റലുകളെ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളാക്കുന്നതിന്റെ ഭാഗമായി ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും 8 ജില്ലാ ആശുപത്രികളിലും 2 മെഡിക്കൽ കോളേജു കളിലുമായി 10 കാത്ത്‌ലാബുകൾ സ്ഥാപിക്കാനുമുള്ള നടപടി പൂർത്തിയായിട്ടുണ്ട്. തെരഞ്ഞെടുത്ത 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 650 തസ്തികകൾ സൃഷ്ടിക്കാനും ഡിപ്രഷൻ ക്ലിനിക്കുകൾ ആരംഭിക്കാനും നടപടി സ്വീകരിച്ചുവരുന്നു. സ്റ്റാൻഡേർഡൈസേഷന്റെ ഭാഗമായി ജില്ലാ ആശുപത്രികളെ അപ്ഗ്രേഡ് ചെയ്യുന്നതിന് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന മുറയ്ക്ക് പണം അനുവദിക്കുന്നതാണ്. ആശുപത്രികളെ രോഗീ സൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. നിലവിലുള്ള മെഡിക്കൽ കോളേജുകളെ സെന്റർ ഓഫ് എക്സലൻസാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇടുക്കി

മെഡിക്കൽ കോളേജിൽ പ്രത്യേക ബ്ലോക്ക് നിർമ്മിക്കുന്നതിനായി 76 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കളമശ്ശേരി മെഡിക്കൽ കോളേജിൽ ഒന്നരക്കോടി രൂപ ചെലവിൽ ഉപകരണങ്ങൾ വാങ്ങുകയും കിഫ്ബിയിൽ ഉൾപ്പെടുത്തി 310 കോടി രൂപ അനുവദിക്കുകയും 108 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. തൃശ്ശൂർ മെഡിക്കൽ കോളേജിൽ കാത്ത്‌ലാബ് അനുവദിക്കുകയും 2.25 കോടി രൂപ ചെലവഴിച്ച് പുതിയ ടെലികോബാൾട്ട് മെഷിൻ വാങ്ങുകയും ലീനിയർ ആക്സിലറേറ്ററിന് 12 കോടി രൂപ അനുവദിക്കുകയും ചെയ്തു. കോഴിക്കോട് മെഡിക്കൽ കോളേജിൽ മുടങ്ങിക്കിടന്ന പി.എം.ജി.എസ്. വൈ. പദ്ധതി പുന:സ്ഥാപിക്കുകയും വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലിന് 14 കോടി രൂപ അനുവദിക്കുകയും സ്റ്റാഫ് നഴ്സിന്റെ 232 തസ്തികകൾ ക്രിയേറ്റ് ചെയ്യുകയും 18 പുതിയ പി.ജി. സീറ്റുകൾ അനുവദിക്കുകയും ചെയ്തു. കോട്ടയം മെഡിക്കൽ കോളേജിൽ സ്റ്റാഫ് നഴ്സിന്റെ 155 തസ്തികകൾ സൃഷ്ടിക്കുകയും റിസർച്ച് ബ്ലോക്ക് നിർമ്മാണത്തിന് 15 കോടി രൂപയും ഫാർമസ്യൂട്ടിക്കൽ ബ്ലോക്കിന് 32 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്റ്റാഫ് നഴ്സിന്റെ 209 തസ്തികൾ സൃഷ്ടിക്കുകയും 417 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുകയും വിവിധ മേഖലകളിലായി 46 പുതിയ പി.ജി. സീറ്റുകൾ ആരംഭിക്കുകയും ചെയ്തു. കൊച്ചിൻ ക്യാൻസർ സെന്റർ യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. മെഡിക്കൽ വിദ്യാഭ്യാസ

വകുപ്പിൽ 1399 തസ്തികകൾ ക്രിയേറ്റ് ചെയ്യുകയും 2256 തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നടത്തുകയും ചെയ്തു. സമ്പൂർണ്ണ ട്രോമാകെയർ സിസ്റ്റം ആരംഭിക്കുന്നതിന് എയിംസുമായി എം.ഒ.യു. ഒപ്പുവയ്ക്കുകയും നാഷണൽ ഹൈവേയിലുള്ള പ്രധാന ആശുപത്രികളിൽ ഇതിനായി ആവശ്യമായ ഫണ്ട് അനുവദിക്കുകയും ചെയ്തു. ഭിന്നശേഷിക്കാർക്കായി 'അനുയാത്ര' പദ്ധതി ആരംഭിച്ചു. 'ശ്രുതിതരംഗം' പദ്ധതിയുടെ ഭാഗമായി കൂടുതൽ ഓപ്പറേഷനുകൾ നടത്താൻ സാധിച്ചു. അംഗപരിമിതർക്ക് യൂണിക് ഐഡന്റിറ്റി കാർഡ് വിതരണം ചെയ്യുകയും 215 അംഗപരിമിതർക്ക് സർക്കാർ സർവ്വീസിൽ സ്ഥിര നിയമനം നൽകുകയും ചെയ്തു. പ്രായമായവർക്കായി 'സായംപ്രഭ' പ്രോജക്ട് ആരംഭിക്കുകയും ഹെൽത്ത് ഇൻഷ്വറൻസ് ഏർപ്പെടുത്തുകയും ചെയ്തു. വൃദ്ധസദനങ്ങൾ ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കും. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, കോട്ടയം, വയനാട്, കാസർഗോഡ്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ പെൺകുട്ടികൾക്കുവേണ്ടി ചിൽഡ്രൻസ് ഹോമുകൾ ആരംഭിക്കുന്നതിന് തുക നീക്കിവച്ചിട്ടുണ്ട്. മാനസിക പീഡനം നേരിടുന്ന കുട്ടികളുടെ ചികിത്സയ്ക്കായി ബാലനിധി ഫണ്ട് രൂപീകരിക്കുന്നതാണ്. ഈ വർഷം രണ്ടായിരം അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുകയും കുട്ടികൾക്ക് യൂണിഫോം വിതരണം ചെയ്യുന്നതുമാണ്. വിധവകൾക്ക് വനിതാ വികസന കോർപ്പറേഷൻ മുഖേന

പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ട്. സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായി കൂടുതൽ നിർഭയ ഷെൽട്ടർ ഹോമുകൾ ആരംഭിക്കുന്നതാണ്. രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി 19.52 ലക്ഷം കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സമഗ്രമായ രോഗപ്രതിരോധ പ്രവർത്തനത്തിലൂടെ പകർച്ചവ്യാധികൾ തടയാൻ സാധിച്ചു. ഇന്റർ നാഷണൽ ആയുർവ്വേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനും എല്ലാ ആയുർവ്വേദ ജില്ലാ ആശുപത്രികളിലും സ്പെഷ്യാലിറ്റി സൗകര്യമുണ്ടാക്കുന്നതിനുംവേണ്ടി മാസ്റ്റർപ്ലാൻ തയ്യാറാക്കിവരുന്നു. ഹോമിയോ ഡയറക്ടറേറ്റ്, യുനാനി ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ സ്ഥാപിക്കുന്നതിനും ലബോറട്ടറികൾ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. ആരോഗ്യ മേഖലയിൽ സമഗ്രമായ മാറ്റമുണ്ടാക്കുകയും ജനങ്ങൾക്ക് സൗജന്യചികിത്സ ഉറപ്പുവരുത്തുകയും ചെയ്യുന്നതാണ്. ആയുഷ് മേഖലയെ ശാക്തീകരിക്കും. സാമൂഹ്യനീതി വകുപ്പിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ പുനഃസ്ഥാപിച്ചുകൊണ്ട് പരിഷ്കാരങ്ങൾ വരുത്തും. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): കൊല്ലം തുറമുഖത്ത് 21 കോടി രൂപ ചെലവഴിച്ച് ഒരു പാസഞ്ചർ ടെർമിനൽ നിർമ്മാണം ഈ വർഷം പൂർത്തീകരിക്കുന്നതാണ്. പൊന്നാനി

തുറമുഖത്ത് മണൽ ശുദ്ധീകരണശാലയുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ബേപ്പൂർ തുറമുഖത്തേയ്ക്ക് കൂടുതൽ കണ്ടെയ്നർ കപ്പലുകളെ ആകർഷിക്കുന്നതിനുവേണ്ടി വിവിധ ഏജൻസികളുടെ ശില്പശാല നടത്താനും അഴീക്കൽ തുറമുഖത്ത് നിലവിലുള്ള 200 മീറ്റർ വാർഫിന്റെ ബേസിനും ചാനലിനും ആഴം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂരിലും നീണ്ടകരയിലും മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുകയും ഉൾനാടൻ ജലഗതാഗത പാതയിലെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി 2010-ലെ കെ.ഐ.വി. റൂൾസ് നടപ്പിലാക്കുകയും ചെയ്തു. കേരള നിയമസഭ പാസ്സാക്കിയതും കേന്ദ്ര ഗവൺമെന്റ് തിരിച്ചയച്ചതുമായ കേരള മാരിടൈം ബോർഡ് ബിൽ ഭേദഗതികളോടെ ഈ നിയമസഭയിൽ അവതരിപ്പിക്കുന്നതാണ്. കേരള സ്റ്റേറ്റ് മാരിടൈം കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുകയും പുതുതായി വാങ്ങിയ ആധുനിക കട്ടർസെക്ഷൻ ഈ മാസം അവസാനത്തോടെ പ്രവർത്തനക്ഷമമാക്കുകയും ചെയ്യും. വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി സ്ഥലം വിട്ടുകൊടുത്തവർക്കുള്ള നഷ്ടപരിഹാരം അടിയന്തരമായി വിതരണം ചെയ്യുന്നതാണ്. ചിപ്പിത്തൊഴിലാളികൾ, കരമടി ഉടമകൾ, കരമടിത്തൊഴിലാളികൾ, റിസോർട്ട് തൊഴിലാളികൾ എന്നീ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾക്ക് ചർച്ചയിലൂടെ പരിഹാരം കണ്ടെത്തും. വിഴിഞ്ഞത്തുനിന്നും ബാലരാമപുരം റെയിൽവേ സ്റ്റേഷനിലേയ്ക്കുള്ള 12

കി.മീ. റെയിൽപ്പാതയുടെ പ്രോജക്ട് റിപ്പോർട്ട് റെയിൽവേ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം കിട്ടുന്ന മുറയ്ക്ക് സ്ഥലമേറ്റെടുക്കുന്ന നടപടികൾ കൈക്കൊള്ളുന്നതാണ്. വിഴിഞ്ഞം പദ്ധതിയെ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രാഥമിക ചർച്ചകൾ നടത്തിക്കഴിഞ്ഞു. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയും 31-നെതിരെ 79 വോട്ടുകളോടെയും ഒരു നിഷ്പക്ഷ വോട്ടോടെയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥന ഐകകണ്ഠ്യേനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 3.14-ന് പിരിഞ്ഞു.

*************